MB: 03/2020

**ദൈവകൃപയാൽ**
**കൊട്ടാരക്കര - പുനലൂർ ഭദ്രാസനാധിപനും**
**മലങ്കര ഓർത്തഡോക്സ് സഭാ മിഷൻ ബോർഡ് പ്രസിഡന്റുമായ**
**ഡോ. യൂഹാനോൻ മാർ തേവോദോറോസ്**
**മെത്രാപ്പോലീത്തായിൽ നിന്നും**

YUHANON MAR THEVODOROS
NOT TO BE MINISTERED UNTO BUT TO MINISTER
2010
METROPOLITAN, KOTTARAKKARA-PUNALUR DIOCESE

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന പ്രിയ അച്ചന് വാഴ്വ്.

പ്രിയ അച്ചാ,

ക്ഷേമം ചോദിച്ചുകൊണ്ട് എഴുതുന്നു. ഈ വർഷത്തെ മിഷൻ സൺഡേ ജൂലൈ 5-ാം തീയതി ആയിരുന്നുവല്ലോ. കോവിഡ്-19 മഹാവ്യാധിമൂലം അന്നേദിവസം മിഷൻസൺഡേദിനം ആചരിക്കുവാൻ സാധിച്ചില്ലല്ലോ. എന്നാൽ പരിശുദ്ധ സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം ഡിസംബർ മാസം 20-ാം തീയതി ഞായറാഴ്ച മിഷൻസൺഡേ ആയി ആചരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ആയതിൻപ്രകാരം പതിവുപോലെ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയുടെ കല്പനയും മിഷൻസൺഡേദിന കവറും മിഷൻസൺഡേദിന പ്രത്യേക പ്രാർത്ഥനയും അയയ്ക്കുന്നു. മിഷൻബോർഡ് സ്ഥാപക പ്രസിഡന്റും ദീർഘകാലം മിഷൻബോർഡിന് നേതൃത്വം നൽകി പ്രേഷിതപ്രവർത്തനങ്ങൾക്ക് സഭയിൽ അംഗീകാരവും സ്വീകാര്യതയും ഉറപ്പാക്കിയ ഭാഗ്യസ്മരണാർഹനായ സഭാരത്നം അഭി. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് പൂർവ്വാധികം ഭംഗിയായി മുമ്പോട്ട് കൊണ്ടുപോകുവാനുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ടല്ലോ. മുൻകാലങ്ങളിൽ പ്രിയ അച്ചൻ ഈ രംഗത്തു കാണിച്ച സഹായസഹകരണങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. കഴിയുന്നിടത്തോളം എല്ലാ കുടുംബങ്ങളേയും പങ്കെടുപ്പിച്ച് മിഷൻസൺഡേ കവർകളക്ഷൻ കഴിവതുംവേഗം പൂർത്തീകരിച്ച് മിഷൻസൺഡേ കാണിക്കയും ചേർത്ത് ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ എന്നോ, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ എന്നോ ചെക്ക്/ഡി.ഡി.യിൽ എഴുതി സെന്റ്പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, തട്ടാരമ്പലം പി. ഒ., മാവേലിക്കര-690103 എന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി. അയക്കുവാൻ പ്രിയ അച്ചൻ പ്രത്യേകം ഉത്സാഹിക്കുമല്ലോ. അല്ലാത്തപക്ഷം Malankara Orthodox Syrian Church Mission Society Account No. (1) 018003741810190001, IFSC Code CSBK 0000180, CSB Mavelikara Branch. (2) 10410100260552. IFSC Code: FDRL 0001041 Federal Bank, Mavelikara Branch എന്ന അക്കൗണ്ടുകളിലേക്കോ ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. പണം നേരിട്ട് ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യുമ്പോൾ ആ വിവരം നമ്മുടെ മിഷൻ ഓഫീസ് മാനേജർ ഫാ. ജോസഫ് ആന്റണിയെ ഫോൺ മുഖേനയോ അല്ലാതെയോ അറിയിക്കേണ്ടതാണ്. കൂടാതെ കവർ കളക്ഷനുമായി ബന്ധപ്പെട്ട് മറ്റെന്തിലും വിവരങ്ങൾ അറിയണമെങ്കിൽ മിഷൻ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9947399066.

പ്രിയ അച്ചനെയും കുടുംബത്തെയും ഇടവകാംഗങ്ങളെയും ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കോവിഡ്-19 മഹാവ്യാധി മൂലം കഷ്ടപ്പെടുന്ന സകലർക്കും ദൈവംതമ്പുരാൻ തന്റെ അദൃശ്യമായ കരങ്ങൾ നീട്ടി ആശ്വാസം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

Thevodoros

എന്ന്, 2020 ഒക്ടോബർ മാസം 29-ാം തീയതി
മാവേലിക്കര സെന്റ് പോൾസ് എം. റ്റി. സി.യിൽ നിന്നും

**യൂഹാനോൻ മാർ തേവോദോറോസ്**
**മെത്രാപ്പോലീത്താ**